വെണ്ടർ ലൈസൻസ് നൽകുന്നതിന് നടപടി

23 (620) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി നിയോജക മണ്ഡലത്തിലെ പരിയാരം പഞ്ചായത്തിൽ ഒരു വെണ്ടർ ലൈസൻസ് നല്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

7-2-2003-ലെ ജി. ഒ. (പി.) 23/03/റ്റി. ഡി. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ ട്രഷറി ആഫീസർ എന്നിവരടങ്ങുന്ന ജില്ലാ കമ്മിറ്റിയുടെ റിപ്പോർട്ട് അനുസരിച്ച് ജില്ലാ ട്രഷറി ആഫീസറാണ് വെണ്ടർ ലൈസൻസ് നൽകുന്നത്. ഇതിനു പ്രത്യേകം അപേക്ഷ ലഭിക്കേണ്ടതുണ്ട്.

സർക്കാർ അഭിഭാഷകരുടെ നിയമനം

24 (621) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സർക്കാരിനുവേണ്ടി നടത്തപ്പെടുന്ന കേസ്സുകളിൽ സർക്കാർ അഭിഭാഷകരുടെ അനാസ്ഥമൂലം പ്രതികൂല കോടതിവിധികളുണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ചുള്ള കേസ്സുകളിൽ സർക്കാർ അഭിഭാഷകർ കാര്യക്ഷമായി പ്രവർത്തിച്ചിരുന്നോ ; ഇല്ലെങ്കിൽ പ്രസ്തുത അഭിഭാഷകർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ അഭിഭാഷകന്മാരെ തെരഞ്ഞെടുക്കുമ്പോൾ അവരുടെ ദീർഘകാല സേവന ചരിത്രവും പ്രാവീണ്യവും കർശനമായി പരിശോധിച്ച് മാത്രം അത്തരം ചുമതലയിൽ നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സുപ്രീംകോടതിയിൽ സർക്കാരിനു വേണ്ടി നടത്തപ്പെട്ട കേസ്സുകളിൽ സർക്കാർ അഭിഭാഷകരുടെ അനാസ്ഥമൂലം പ്രതികൂലകോടതിവിധികൾ ഉണ്ടായതായി റിപ്പോർട്ടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേരള ഹൈക്കോടതിയിൽ സ്വാശ്രയ കേസ്സുകളിൽ സർക്കാരിനു വേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. ബീരാൻ പ്രസ്തുത കേസ് നടത്തിയതു സംബന്ധിച്ച ചില പത്ര റിപ്പോർട്ടുകളിൽ വന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനയിൽ അതിൽ യാതൊരു കഴമ്പുമില്ലെന്ന് ബോദ്ധ്യമായി.

LIBRARY ARCHIVES Kerala Legislative Assembly